*ഓം ശ്രീ ഭുവനേശ്വര്യൈ നമഃ*

നമ്പർ 94/07

# വലഞ്ചുഴി ദേവസ്വം

**മല്ലശ്ശേരി പി.ഒ., പത്തനംതിട്ട, ഫോൺ : 0468 - 2333100**

www.valamchuzhytemple.org, Email: info@valamchuzhytemple.org

# വാർഷിക പൊതുയോഗ നോട്ടീസ്

വലഞ്ചുഴി ദേവസ്വത്തിന്റെ വാർഷിക പൊതുയോഗം ദേവസ്വം പ്രസിഡന്റ് **അഡ്വ. ഡി. അശോക് കുമാറിന്റെ** അദ്ധ്യക്ഷതയിൽ **2007 ഒക്ടോബർ മാസം 28-ാം തീയതി ഞായറാഴ്ച കാലത്ത് 10.30ന് ക്ഷേത്രാങ്കണത്തിൽ** ചേരുന്നതാണ്. താങ്കൾ കൃത്യമായി യോഗത്തിൽ പങ്കെടുക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

ദേവസ്വത്തിനുവേണ്ടി,

ഒപ്പ്

വലഞ്ചുഴി, **കെ. ജയരാജ്**

8-10-2007 സെക്രട്ടറി

## കാര്യപരിപാടി

ഈശ്വരപ്രാർത്ഥന

2006 ഒക്ടോബർ മുതൽ 2007 ജൂൺ 30 വരെയുള്ള വരവ്-ചെലവ് കണക്ക്

പ്രവർത്തന റിപ്പോർട്ട്

റിപ്പോർട്ടിന്മേൽ ചർച്ച

അദ്ധ്യക്ഷൻ -

അദ്ധ്യക്ഷൻ അനുവദിക്കുന്നത ഇതരവിഷയങ്ങൾ

---

*NB: ചോദ്യങ്ങൾ, പ്രമേയങ്ങൾ തുടങ്ങിയവ 24-10-2007* 5 p.m. *ന് മുമ്പ് ദേവസ്വത്തിൽ എത്തിക്കേണ്ടതാണ്. ചോദ്യകർത്താക്കൾ യോഗത്തിൽ സന്നിഹിതരായിരിക്കേണ്ടതാണ്.*

# പ്രവർത്തന റിപ്പോർട്ട്

## (01.07.2006 – 30.06.2007)

(7/10/2007 ലെ കൗൺസിൽ പാസ്സാക്കിയത്)

*"ഓം കാളീം മേഘ സമപ്രഭാം ത്രിനയനാം വേതാള കണ്ഠസ്ഥിതാം*
*ഖഢ്ഗം ഖേടകപാല ദാരുക ശിരകൃത്വാ കരാഗ്രേഷു ചാ*
*ഭൂത പ്രേത പിശാച മാതൃസഹിതാം മുണ്ഡസ്യജാലം കൃതാം*
*വന്ദേ ദുഷ്ട വസൂരികാദി വിപദാം സംഹാരിണീം ഈശ്വരീം"*

പുണ്യാത്മൻ,

വലഞ്ചുഴി ദേവസ്വത്തിൽ 16.10.2005-ൽ ചുമതലയേറ്റ കൗൺസിലിന്റെ കാലയളവിലെ രണ്ടാമത് പൊതുയോഗമാണ് നടക്കുന്നത്. റിസീവറിൽ നിന്നും ചുമതലയേറ്റ ഈ ഭരണസമിതിക്ക് ചെയ്ത് തീർക്കേണ്ടതായ നിരവധി പ്രവർത്തനങ്ങൾ ഉണ്ടായിരുന്നു. ആയവ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കുന്നതിന് ഒരു പരിധിവരെ ശ്രമിച്ചിട്ടുണ്ട്. സ്വന്തം കർമ്മ ക്ഷേത്രങ്ങളിൽ വ്യവഹരിക്കുന്നതായ ഒരു കൂട്ടം ആളുകളുടെ അക്ഷീണമായ പരിശ്രമത്തിന്റെ വിലയിരുത്തൽ നടത്തേണ്ടത് ദേവീ ഭക്തരാണ്.

ഈ ഭരണസമിതിയുടെ കാലയളവിൽ ഹിന്ദു സമൂഹത്തിന് സംഭവിച്ച പ്രധാന നഷ്ടം ജഗത്ഗുരു സ്വാമി സത്യാനന്ദ സരസ്വതി സ്വാമികളുടെ ദേഹവിയോഗമാണ്. വലഞ്ചുഴി ക്ഷേത്രത്തിന്റെ അഭ്യുദയകാംഷിയായിരുന്ന ആ മഹാത്മാവിന്റെ പാവന സ്മരണയ്ക്ക് മുൻപിൽ ശിരസ് നമിക്കുന്നു. കൂടാതെ ഈ കാലയളവിൽ നമ്മെ വിട്ടു പിരിഞ്ഞ നമ്മുടെ ക്ഷേത്രത്തിന്റെ വാസ്തു സംബന്ധമായ സംശയങ്ങൾ ദൂരീകരിച്ചിരുന്ന ശ്രീ. തേവണംകോട്ട് നാരായണൻ നമ്പൂതിരി, ദേവസ്വം കൗൺസിൽ അംഗമായിരുന്ന പ്രമാടം കരയിലെ ശ്രീ. കെ. ഡി. സജീവ്, മുൻ കൗൺസിൽ അംഗങ്ങൾ, മറ്റ് ഭക്തജനങ്ങൾ എന്നിവരുടെ ആത്മാക്കൾക്കും നിത്യ ശാന്തി നേരുന്നു.

നമ്മുടെ ക്ഷേത്രത്തിനെ നാശോന്മുഖമാക്കിക്കൊണ്ടിരുന്ന മണൽ വാരലിന് ഒരു പരിധിവരെ അറുതി വരുത്തുന്നതിന് ഈ കൗൺസിലിന്റെ കാലാവധിയിൽ സാധിച്ചിട്ടുണ്ട്. മണൽ വാരൽ മൂലം നശിച്ച ക്ഷേത്രക്കാവിന്റെ സംരക്ഷണ ഭിത്തി ബലപ്പെടുത്തുന്നതിനും ആറാട്ട് കടവ് മുതലുള്ള ബണ്ടിന് സംരക്ഷണ ഭിത്തി കെട്ടിക്കുന്നതിനും കേരള സർക്കാരിൽ നിന്നും റിവർ മാനേജ്മെന്റ് ഫണ്ടിൽ പെടുത്തിയിരിക്കുന്നു. ക്ഷേത്ര പരിസരം കാട് മൂടിക്കിടന്ന അവസ്ഥയിൽ നിന്ന് ക്ഷേത്രത്തിന്റെ താഴെയുള്ള ഗ്രൗണ്ട് ഉത്സവ

കാലങ്ങളിലെ കലാപരിപാടികൾക്കും മറ്റും ഉപയോഗപ്പെടുന്ന രീതിയിൽ വികസിപ്പിച്ചിട്ടുണ്ട്.

2006 ഒക്ടോബർ മാസം 15-ാം തീയതി ഔപചാരികമായി വലഞ്ചുഴി ദേവസ്വത്തിന്റെ വെബ്സൈറ്റ് നിലവിൽ വരികയുണ്ടായി. ഈ കൗൺസിലിന്റെ ഒന്നാമത് പൊതുയോഗ ദിവസം ബഹു. പത്തനംതിട്ട എം.എൽ.എ. അഡ്വ. ശിവദാസൻ നായർ ഉദ്ഘാടനം ചെയ്ത www.valamchuzhytemple.org എന്ന വെബ്സൈറ്റ് വിദൂരസ്ഥരായ നിരവധി ഭക്തർക്ക് നമ്മുടെ ക്ഷേത്രത്തെ പറ്റി അറിയുന്നതിന് അവസരം ഉണ്ടാക്കിയിട്ടുണ്ട്.

2006 ഒക്ടോബർ 2-ന് നടന്ന വിജയദശമി മഹോത്സവം അത്യന്തം ഭക്തി നിർഭരമായി നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. റിട്ട. ജില്ലാ ജഡ്ജി ശ്രീ. താരാനാഥ്, പ്രൊഫ. പി. നാരായണ സ്വാമി എന്നിവർ കുട്ടികളെ എഴുത്തിനിരുത്തി.

നിത്യ പൂജാക്രമത്തിൽ സംഭവിച്ച പോരായ്മകൾ പരിഹരിക്കുന്നതിന് ദേവപ്രശ്നം നടത്തുകയും അതിന്റെ പരിഹാര ക്രിയകൾക്ക് മൂന്ന് ഘട്ടങ്ങൾ നിശ്ചയിച്ച് 2 ഘട്ടങ്ങൾ പൂർത്തിയാക്കുന്നതിനും ഈ കാലയളവിൽ സാധിച്ചിട്ടുണ്ട്. മൂന്നാം ഘട്ടമായ പ്രാസാദ ക്രമീകരണങ്ങൾ ആണ് നടന്നു വരുന്നത്. വലഞ്ചുഴി ഭഗവതിയുടെ അപാരമായ കൃപയാൽ അതും സാദ്ധ്യമാകുമെന്നതിന് സംശയം വേണ്ട.

ക്ഷേത്രങ്ങളുടെ വികസനം എന്നത് ഹിന്ദു സമൂഹത്തിന്റെ ആത്മീയ അടിത്തറ ശക്തമാകുന്നതിലൂടെ മാത്രമേ സാധിക്കൂ എന്നതിന്റെ അടിസ്ഥാനത്തിൽ ദേവസ്വത്തിന്റെ 6 കരകളിൽ മതപാഠശാലയുടെ പ്രവർത്തനം ആരംഭിച്ചു. ഓമല്ലൂരിൽ നടന്ന ഹിന്ദുമത സമ്മേളനത്തോടനുബന്ധിച്ച് നടന്ന മതപാഠശാല വിദ്യാർത്ഥികളുടെ മത്സരങ്ങളിൽ വലഞ്ചുഴി ദേവസ്വത്തിന്റെ മതപാഠശാല ഏറ്റവും മികച്ച പ്രകടനത്തിനുള്ള ട്രോഫി നേടുകയുണ്ടായി. കേരള ഹിന്ദുമതപാഠശാല അദ്ധ്യാപക പരിഷത്തിന്റെ സംസ്ഥാനതല മൽസരത്തിലും നമ്മുടെ ദേവസ്വത്തിലെ മതപാഠശാലകൾ മികച്ചു നിന്നു. ഈ മികവിന് അർഹരായ വിദ്യാർത്ഥികളേയും അതിന് പ്രാപ്തരാക്കിയ അദ്ധ്യാപകരേയും ദേവസ്വത്തിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. നമ്മുടെ ദേവസ്വത്തിന്റെ പരിധിയിൽപെടുന്ന മതപാഠശാലകളിലെ വിദ്യാർത്ഥികളുടെ ഒരു മത്സരം നടത്തുകയുണ്ടായി. ടി അദ്ധ്യാപകരുടെ മൂന്ന് യോഗങ്ങൾ നടത്തി നിർദ്ദേശങ്ങൾ നൽകി.

2006 ഡിസംബർ 12-ന് വർദ്ധിച്ച ഭക്തജന പങ്കാളിത്തത്തോടെ ആയില്യ പൂജ നടത്തുന്നതിന് സാധിച്ചു. 2006-ലെ മണ്ഡല ചിറപ്പ് മുടക്കം കൂടാതെ നടത്തുന്നതിന് സാധിച്ചു. നമ്മുടെ ക്ഷേത്രത്തിൽ വച്ച് നടക്കുന്ന പത്തനംതിട്ട മുത്താരമ്മൻ കോവിലിലെ തിരുഉത്സവ ചടങ്ങുകൾ ഭക്തിപൂർവ്വം നടത്തുകയുണ്ടായി.

ദേവപ്രശ്ന പരിഹാര ക്രിയയിലെ രണ്ടാം ഘട്ടം 2006 ഡിസംബർ 27 മുതൽ 2007 ജനുവരി 8 വരെ നടത്താൻ സാധിച്ചു. ദേവപ്രശ്ന പരിഹാര ക്രിയകളുടെ വിവിധ പൂജകൾ മംഗളകരമായി നടത്തുന്നതിന് സാധിച്ചിട്ടുണ്ട്. പരിഹാര കർമ്മങ്ങളിലെ വിവിധ പൂജകൾ കൂടാതെ ബാധാമോചനത്തിനായി ശ്രീമദ് ഭാഗവത സപ്താഹ യജ്ഞവും നട

ത്തുകയുണ്ടായി, ബ്രഹ്മശ്രീ. ഹോരക്കാട് ഗോവിന്ദൻ നമ്പൂതിരി യജ്ഞാചാര്യനായി ജനുവരി 1 മുതൽ 8 വരെ നടന്ന സപ്താഹ യജ്ഞം വർദ്ധിച്ച ഭക്തജന പങ്കാളിത്തത്താലും കാര്യക്ഷമമായ നടത്തിപ്പു മൂലവും ശ്രദ്ധിക്കപ്പെട്ടു. ആയതിന്റെ മംഗളകരമായ നടത്തിപ്പിന് സഹകരിച്ച എല്ലാ ഭക്തജനങ്ങൾക്കും വിശിഷ്യാ കലവറയുടെ ചുമതല വഹിച്ചിരുന്ന പ്രമാടം വലഞ്ചുഴി കരയിലെ ശ്രീ. ജനാർദ്ദൻ നായരോടും ഭരണസമിതിയുടെ നന്ദി അറിയിക്കുന്നു. ദേവപ്രശ്ന പരിഹാര ക്രിയകൾക്ക് സമാപനം കുറിച്ചുകൊണ്ട് (രണ്ടാം ഘട്ടം) നമ്മുടെ ക്ഷേത്രത്തിൽ കുടിയിരുത്തപ്പെട്ട പിതൃക്കളെ വർക്കല ജനാർദ്ദന സ്വാമി ക്ഷേത്രത്തിൽ സമർപ്പിക്കുകയുണ്ടായി.

2007-ലെ തിരുവുത്സവത്തോടനുബന്ധിച്ച് വലഞ്ചുഴി ദേവസ്വം സുപ്രസിദ്ധ ചലച്ചിത്ര പിന്നണി ഗായകർ മധുബാലകൃഷ്ണൻ, ഗായത്രി, സംഗീത് എന്നിവർ ആലപിച്ച ***സരസിമുഖി*** എന്ന ആഡിയോ സി.ഡി. പുറത്തിറക്കി. 2007-ലെ തിരുവുത്സവ കൊടിയേറ്റ് ദിവസം ശ്രീ. മധു ബാലകൃഷ്ണൻ, ശ്രീ. സംഗീത് എന്നിവരുടെ സാന്നിദ്ധ്യത്തിൽ പുറത്തിറക്കിയ ഈ സി.ഡി. സാമ്പത്തികമായി പ്രതീക്ഷിച്ച വിജയം കണ്ടില്ലെങ്കിലും വരും വർഷങ്ങളിൽ ദേവസ്വത്തിന്റെ വരുമാനത്തിൽ ഒരു പങ്ക് ഈ ഇനത്തിൽ ലഭിക്കുമെന്നത് നിസ്തർക്കമാണ്. അത് കൂടാതെ ടി സംരംഭം മൂലം നമ്മുടെ ക്ഷേത്രത്തിന്റെ ഖ്യാതി വർദ്ധിപ്പിക്കുന്നതിനും ഇതുവഴി ഉതകുന്നതാണ്. തിരുവുത്സവത്തോടനുബന്ധിച്ച് കലാപരിപാടികൾ ക്ഷേത്രത്തിന്റെ താഴെ ഗ്രൗണ്ടിൽ ക്രമീകരിച്ചതിനാൽ സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചു. 2007-ലെ ആറാട്ട് മഹോത്സവം ശ്രദ്ധിക്കപ്പെടുകയുണ്ടായി. ക്ഷേത്രത്തിന് മുൻവശത്തെ കടവിൽ നിന്നും കുമ്പഴകരയിലെ പഴയ കടവ് എന്ന സ്ഥലത്തായിരുന്നു ഈക്കൊല്ലം ആറാട്ട്. തിരുവുത്സവത്തോടനുബന്ധിച്ച് മാതൃഭൂമി, ജന്മഭൂമി പത്രങ്ങളിൽ സപ്ലിമെന്റ് നൽകിയിരുന്നു. തിരു ആറാട്ട് കഴിഞ്ഞ് മടങ്ങുന്ന ദേവിയെ അനുഗമിച്ച് നിരവധി ഭക്തർ ഘോഷയാത്രയായി വന്നത് സ്മരണീയമാണ്. വരുമാന വർദ്ധനയിലും ക്ഷേത്രത്തിന്റെ ഖ്യാതി പുറത്തേക്ക് എത്തിക്കുന്നതിനും ഇതുവഴി സാധിച്ചിട്ടുണ്ട്.

2007-ലെ തിരുവുത്സവ കൊടിയേറ്റു ദിവസം ശ്രീമതി ദിവ്യാ മധുബാലകൃഷ്ണൻ ഉദ്ഘാടനം നിർവ്വഹിച്ച പൊങ്കാല മഹോത്സവം മംഗളകരമായി നടത്തുന്നതിന് സാധിച്ചു. മാദ്ധ്യമങ്ങൾ അർഹിച്ച പ്രാധാന്യത്തോടെ ടി ചടങ്ങ് പ്രസിദ്ധീകരിക്കുകയുണ്ടായി.

2007-ലെ പറയ്ക്കെഴുന്നെള്ളത്ത് ക്രമപ്രകാരം നടത്തുന്നതിനു സാധിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഒരു കരകളിൽ നിന്നും തുകയോ, സാധനങ്ങളോ ക്ഷേത്രത്തിലേക്ക് ലഭിക്കാനില്ല എന്നതും ശുഭോദർക്കമാണ്.

2007-ലെ മീനഭരണി മഹോത്സവം മംഗളകരമായി നടത്തുന്നതിന് സാധിച്ചു. നാരങ്ങാനം ദേവീ വിലാസം പടയണി സംഘമായിരുന്നു പടയണി നടത്തിയത്. മുൻപ് നമ്മുടെ ക്ഷേത്രത്തിൽ നടന്നു വന്നിരുന്ന പടയണി കളരി പുനഃരാരംഭിക്കുന്നതിന് തീരുമാനം എടുത്തെങ്കിലും നടപ്പിൽ വരുത്തുവാൻ സാധിച്ചില്ല.

2007-ലെ വിഷു എഴുന്നെള്ളിപ്പിന് കൊടുന്തറ ക്ഷേത്ര ഉപദേശക സമിതിയുടെ അഭ്യർത്ഥന മാനിച്ച് താഴൂർ, കൊടുന്തറ ദേവതകളോടൊപ്പം സംയുക്ത എഴുന്നെള്ളത്തിൽ പറയെടുക്കുന്നത് ഒഴിവാക്കി പകരം അഴൂർ കരയിൽ പ്രത്യേകമായി പറയെടുത്ത് മംഗള കരമായി നടത്തുന്നതിന് സാധിച്ചിട്ടുണ്ട്.

മേടഭരണി മഹോത്സവം ഭക്ത്യാദരപൂർവ്വം കൊണ്ടാടി. മേടഭരണി വിശേഷമായ ഭരണി സദ്യ, ഭക്തരുടെ പങ്കാളിത്വം കൊണ്ട് ശ്രദ്ധിക്കപ്പെട്ടു.

2007-ലെ കർക്കിടക മാസം രാമായണ മാസമായി ആചരിക്കുകയും, രാമായണ മാസാചരണത്തിന്റെ സമാപനത്തിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ 15 വയസ്സിൽ താഴെ പ്രായമുള്ള വിദ്യാർത്ഥികൾക്കായി രാമായണ പ്രശ്നോത്തരി പത്തനംതിട്ട ട്രിനിറ്റി കോളേജിൽവച്ച് നടത്തുകയും വിവിധ മത്സരങ്ങളിൽ വിജയിച്ച മതപാഠശാലകളിലെ കുട്ടി കൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയുമുണ്ടായി.

***മംഗല്യ നിധി*** എന്ന പേരിൽ ഒരു സേവന നിധി സ്വരൂപിക്കുന്നതിന് ചെറിയ വഞ്ചികൾ ഭക്തർക്ക് വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്.

ഭക്തർക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് വാട്ടർ പ്യൂരിഫയർ സ്ഥാപി ച്ചിട്ടുണ്ട്.

ദേവപ്രശ്നത്തിൽ നിർദ്ദേശിക്കപ്പെട്ട പൗർണ്ണമി ഭജനത്തിനായി എത്തിച്ചേരുന്ന ഭക്തർക്ക് ഒരു നേരത്തെ അരി ആഹാരം സൗജന്യമായി ക്ഷേത്രത്തിൽ നിന്ന് നൽകി വരു ന്നു. പൗർണ്ണമി ഭജനത്തിന് നേതൃത്വം നൽകുന്ന ദേവീ ഭക്തരോട് ദേവസ്വത്തിന്റെ നന്ദി അറിയിക്കുന്നു.

ദേവസ്വം സ്റ്റാൾ ലേലം ചെയ്യുക വഴി തറവാടക ഇനത്തിൽ വരുമാനം വർദ്ധിപ്പി ക്കുന്നതിനും കാര്യക്ഷമമായി സ്റ്റാൾ നടത്തുന്നതിനും സാധിക്കുന്നുണ്ട്. നമ്മുടെ ക്ഷേത്ര ത്തിലേക്ക് ലഭിക്കുന്ന സംഭാവനകൾക്ക് ഇൻകം ടാക്സ് ഒഴിവ് (80G) ലഭിക്കുന്നതിനാവശ്യ മായ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കേരള ഗവൺമെന്റിന്റെ ഗ്രാമീണ ടൂറിസം പദ്ധതിയിൽ പെടുത്തി നമ്മുടെ ക്ഷേത്ര പരിസരം വികസിപ്പിക്കുന്നതിനും പത്തനംതിട്ട നഗരത്തെ ക്ഷേത്രവുമായി ബന്ധിപ്പിക്കുന്ന ഒരു പാലത്തിന്റെ നിർമ്മാണത്തിനുമായി ഒരു പ്രൊജക്ട് സമർപ്പിച്ചിട്ടുണ്ട്.

ശബരിമല തീർത്ഥാടകരുടെ പ്രധാന ഇടത്താവളമായി വികസിപ്പിക്കുന്നതിന് പാലമറൂർ-വലഞ്ചുഴി ക്ഷേത്രം റോഡ് ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽപെടുത്തുന്ന തിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ശിവക്ഷേത്രത്തിന്റെ നിർമ്മാണം പൂർത്തിയാവുന്ന മുറയ്ക്ക് ഒരു ശാന്തിക്കാരനേ കൂടി നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി ഒരു ശാന്തിക്കാരനേ കൂടി നിയമിച്ചിട്ടുണ്ട്.

ഈ പ്രവർത്തന റിപ്പോർട്ടിന്റെ കാലയളവിൽ 12 ഭരണസമിതി യോഗങ്ങളും 8 കൗൺസിൽ യോഗങ്ങളും, ജീവനക്കാരുടെ 4 യോഗങ്ങളും ചേർന്നിട്ടുണ്ട്. വരവ്-ചെലവ് കണക്കുകൾ സമയപരിധിക്കുള്ളിൽ അംഗങ്ങൾക്ക് എത്തിക്കുകയും, ആയത് കൗൺസിൽ യോഗത്തിൽ ചർച്ച ചെയ്ത് പാസാക്കുകയും ചെയ്തിട്ടുണ്ട്. വരവ്-ചെലവ് കണക്കുകൾ ജനറൽ, വികസന പദ്ധതി എന്നിങ്ങനെ തരം തിരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. *(അനുബന്ധം 2)*

ദേവസ്വം വരവ്-ചെലവ് കണക്കുകൾ ചാർട്ടേർഡ് അക്കൗണ്ടന്റിനെ കൂടാതെ ഇന്റേണൽ ആഡിറ്റിന് വിധേയമാക്കിയിരിക്കുന്നു. സമയ പരിധിക്കുള്ളിൽ നിന്നും ആഡിറ്റ് പൂർത്തിയാക്കിയ വെട്ടൂർ കരയിലെ കീയോടിയിൽ വീട്ടിൽ ശ്രീ. ഗോപിനാഥൻ നായരോടും, പത്തനംതിട്ട-മറൂർ കരയിലെ ശ്രീ ഭവനത്തിൽ ശ്രീ. ശിവശങ്കരപിള്ളയോടും ഭരണസമിതിക്കുള്ള നന്ദി അറിയിക്കുന്നു. *(അനുബന്ധം 3)*

ദേവസ്വത്തിലേക്ക് ലഭിക്കേണ്ടതായ വിവിധ കരകളിലെ കുടിശിഖ സംബന്ധിച്ച് 15.07.2006-ലെ പൊതുയോഗ തീരുമാന പ്രകാരം നോട്ടീസ് നൽകുകയും ബന്ധപ്പെടുകയും ചെയ്തിട്ടുണ്ട്. തുടർന്നും സഹകരിക്കാൻ തയ്യാറാകാത്തവർക്ക് എതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

കണ്ണങ്കരയ്ക്ക് സമീപം ഉള്ള ദേവസ്വം വക വസ്തുവുമായി ബന്ധപ്പെട്ട് പത്തനംതിട്ട മുൻസിഫ് കോടതിയിലെ ഒ. എസ്. 305/2006-ാം നമ്പരായി ഒരു കേസ് നിലനിൽക്കുന്നു. ദേവസ്വത്തിനുവേണ്ടി പത്തനംതിട്ട ബാറിലെ അഡ്വ. കെ. എൻ. യശോധരനാണ് ഹാജരാകുന്നത്.

## വികസന പദ്ധതി

2005-ലെ തിരുവുത്സവ ദിവസം സമാരംഭിക്കപ്പെട്ട സമഗ്ര വികസന നിധി ശേഖരണത്തിന് കൃത്യമായ മാർഗ്ഗരേഖ ഏർപ്പെടുത്തിക്കൊണ്ട് നിധി ശേഖരണം ആരംഭിച്ചു. വലഞ്ചുഴി ഭഗവതിയുടെ കൃപാകടാക്ഷത്താൽ അധിവസിക്കുന്ന സ്വദേശത്തും വിദേശത്തുമുള്ള നിരവധി ഭക്തർ ഈ യജ്ഞത്തിൽ പങ്കാളികളാകുന്നുണ്ട്. ക്ഷേത്ര ഉന്നതിക്കായി നിരന്തരം പരിശ്രമിക്കുന്ന ഭക്തരുടെ നിർലോഭമായ പിൻതുണ ഈ ഭരണസമിതിക്ക് ലഭിച്ചു എന്നത് മറക്കുന്നില്ല. വികസന നിധി ശേഖരണത്തിനായി കരകമ്മറ്റികളുടെ സഹകരണത്തോടെ ഒരു വാഗ്ദാന പത്രിക സ്വീകരിച്ചുകൊണ്ട് തവണകളായി സ്വരൂപിക്കുന്നതിനാണ് ശ്രമിച്ചത്. ടി വാഗ്ദാന പത്രിക കരകമ്മറ്റി, സംഭാവന നൽകുന്ന ആൾ, ദേവസ്വം എന്നീ മൂന്ന് തലങ്ങളിൽ സൂക്ഷിച്ച് നിധി ശേഖരണം കൂടുതൽ ഫലപ്രദമാക്കാൻ സാധിച്ചിട്ടുണ്ട്. ഇത്തരം ഒരു രീതിയിൽ കരകമ്മറ്റിയിൽ നിന്നും വാഗ്ദാന പത്രിക കൈമാറ്റം ചെയ്ത് പുതിയ കമ്മറ്റിക്ക് തവണകൾ പിരിക്കുന്നതിനും നമ്മുടെ ക്ഷേത്രത്തിന്റെ വികസ

നത്തിനാവശ്യമായ ധനം സമാഹരിക്കുകയും ചെയ്യാം. ഈ പ്രവർത്തനം കാര്യക്ഷമമാക്കി നടത്തിക്കൊണ്ടു പോകുന്നതിന് കരകമ്മറ്റികളുടെ പൂർണ്ണ സഹകരണം ആവശ്യമാണ്.

ഈ പ്രവർത്തനത്തിൽ ഭാഗഭാക്കാകാൻ സാധിച്ചത് പ്രമാടം-വലഞ്ചുഴി, പത്തനംതിട്ട-വലഞ്ചുഴി, കുമ്പഴ, പ്രമാടം-മറൂർ, പത്തനംതിട്ട-മറൂർ, പത്തനംതിട്ട ഠൗൺ, പാലമറൂർ എന്നീ കരകളിൽ മാത്രമാണ് നിധിശേഖരണം നാമമാത്രമാണെങ്കിലും നടന്നിട്ടുള്ളത്. വലഞ്ചുഴി ഭഗവതിയുടെ അനുഗ്രഹാശിസുകൾക്കായി പ്രാർത്ഥിക്കുന്ന ഭക്തലക്ഷങ്ങൾക്ക് ക്ഷേത്ര പുനരുദ്ധാരണത്തിന് ആവശ്യമായ ധനം നൽകുന്നതിന് പൂർണ്ണമനസ്സാണ് എന്നത് നിധി ശേഖരണത്തിന് പോയവർക്ക് മനസിലാക്കാൻ സാധിച്ചിട്ടുള്ളതാണ്. ഏതാണ്ട് ഒരു മുഴുവൻ സമയ പ്രവർത്തനം ആവശ്യമായ ടി പ്രവർത്തനത്തിൽ പൂർണ്ണമായി മുഴുകുന്നതിന് സാധിച്ചിട്ടില്ല എന്നത് ഒരു സത്യമാണ്.

വികസന നിധി ശേഖരണത്തിൽ വിവിധ കരകളിൽ നിന്ന് ലഭിച്ച തുക *അനുബന്ധം 4*-ൽ ചേർത്തിരിക്കുന്നു.

ക്ഷേത്രത്തിന് മുൻവശത്തെ കരിങ്കൽ മതിലിന്റെ അത്യാവശ്യ കേടുപാടുകൾ തീർക്കുന്നതിനും ബലപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഓഫീസ് കെട്ടിടത്തിന്റെ മേൽഭാഗം ഓട് പതിച്ച് പണി പൂർത്തിയാക്കാൻ സാധിച്ചു. നമ്മുടെ ക്ഷേത്രത്തിൽ എത്തിച്ചേരുന്ന ഭക്തരുടെ വളരെ കാലമായുള്ള ആവശ്യമായ ടോയ്ലെറ്റ് ബ്ലോക്ക് പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇതിന്റെ ആവശ്യത്തിലേക്ക് വാട്ടർ ടാങ്കും സ്ഥാപിച്ചിട്ടുണ്ട്.

ദേവപ്രശ്ന പരിഹാരത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ശിവാലയത്തിന്റെ നിർമ്മാണത്തിന് പത്തനംതിട്ട വലഞ്ചുഴി കരയിലെ തിരുനെല്ലൂർ വീട്ടിൽ ശ്രീമതി അംബികാ നായർ തയ്യാറായത് പ്രത്യേകം പ്രസ്താവ്യമാണ്. ഈ മഹതിയുടെ കുടുംബത്തിന് സകല വിധ ഐശ്വര്യങ്ങളും ഉണ്ടാകട്ടേയെന്ന് പ്രാർത്ഥിക്കുന്നു. ശിവാലയ നിർമ്മാണത്തിനായി കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിയുടെ നിർദ്ദേശ പ്രകാരം നിർമ്മാണം ആരംഭിക്കുകയും ആയതിന്റെ പ്രതിഷ്ഠ ഉത്തരായന കാലഘട്ടത്തിൽ (മകരം) നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തി വരുന്നു.

പലകാലങ്ങളിലായി നമ്മുടെ ക്ഷേത്രത്തിന്റെ തിരുമുറ്റത്ത് വെള്ളപ്പൊക്കത്തിൽ അടിഞ്ഞിരുന്ന മണ്ണ് നീക്കം ചെയ്ത് ക്ഷേത്രത്തിന്റെ പാദുകം വരെ കാണത്തക്ക രീതിയിൽ ആക്കുന്നതിനും ക്ഷേത്രത്തിന് മുൻവശത്തെ ഗ്രൗണ്ട് കലാപരിപാടികൾക്കും മറ്റും ഉപയോഗിക്കത്തക്ക രീതിയിൽ നിരത്തിയെടുക്കുന്നതിനും ഏതാണ്ട് 60 ലോഡ് മണൽ നമ്മുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കത്തക്ക തരത്തിൽ ശേഖരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ക്ഷേത്രത്തിലേക്ക് കടക്കുന്നതിന് മുൻവശത്തുകൂടി പടി ആക്കുന്നതിനും അലങ്കാര ഗോപുരം നിർമ്മിക്കുന്നതിനും ടി സ്ഥലത്തിന്റെ മണ്ണ് പരിശോധന പൂർത്തിയാ

ക്കിയിട്ടുണ്ട്. ടി നിർമ്മാണം നദീപ്രവാഹത്തിന് യോജിക്കുന്ന തരത്തിൽ ക്രമീകരിക്കുന്നത് വർദ്ധിച്ച സാമ്പത്തിക ചെലവ് വരുത്തുന്നതാകയാൽ നിധി ശേഖരണത്തിന്റെ പുരോഗതിക്കനുസരിച്ച് പൂർത്തിയാക്കാവുന്നതാണ്. ടി നിർമ്മാണത്തിനോട് അനുബന്ധിച്ച് മാത്രമേ നമ്മുടെ ക്ഷേത്രത്തിന്റെ ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കൂ.

പ്രധാന ക്ഷേത്ര സമുച്ചയത്തിന്റെ നിർമ്മാണത്തിന് സഹായ വാഗ്ദാനവുമായി ചില ഭക്തർ സമീപിക്കുകയുണ്ടായെങ്കിലും ടി പ്രവർത്തനം 1 വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് ആവശ്യമായ ധനശേഖരണം നടത്തിക്കൊണ്ട് മാത്രമേ പ്രവർത്തനം തുടങ്ങാനാവൂ.

ഇതോടൊപ്പം നമ്മുടെ ക്ഷേത്രത്തിൽ ഒരു ആഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇത് പൂർത്തിയാവുന്നതോടുകൂടി നമ്മുടെ ക്ഷേത്രത്തിൽ നടക്കുന്ന വിവാഹങ്ങളുടെ എണ്ണം വർദ്ധിക്കുകയും ക്ഷേത്രത്തിൽ വരുമാന വർദ്ധനവ് ഉണ്ടാകുകയും ചെയ്യുമെന്നത് നിസ്തർക്കമാണ്.

പ്രമാടം കരയിൽ വൃന്ദാവനത്തിൽ വീട്ടിൽ ശ്രീമതി കെ. ജെ. സുമം സംഭാവന ചെയ്ത സ്ഥലത്ത് ഒരു കാണിക്ക വഞ്ചി മനോഹരമായി പൂർത്തിയാക്കുന്നതിനും 2006 വൃശ്ചികമാസം സമർപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ടി കാണിക്ക മണ്ഡപം സ്ഥിതിചെയ്യുന്നത് പത്തനംതിട്ട ജില്ലയിലെ ഇൻഡോർ സ്റ്റേഡിയത്തിന് സമീപം ആണെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

ശബരിമല തീർത്ഥാടകരുടെ ശ്രദ്ധ ലഭിക്കത്തക്ക തരത്തിൽ പാലമറൂർ ജംഗ്ഷനിൽ ഒരു പ്രവേശന കവാടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം വൃശ്ചിക മാസത്തിന് മുൻപ് ഇത് പൂർത്തിയാകുന്നതാണ്.

പത്തനംതിട്ട ഠൗണിൽ കണ്ണങ്കരയിൽ ദേവസ്വം വക വസ്തുവിൽ കാണിക്ക മണ്ഡപം സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി പ്ലാനും മറ്റും മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ടി വസ്തുവിനെ സംബന്ധിച്ച് കേസ്സ് നിലനിൽക്കുന്നതിനാൽ ഇത് തുടങ്ങുന്നതിന് സാധിച്ചിട്ടില്ല.

ദേവസ്വം വികസന പ്രവർത്തനങ്ങളിൽ സാങ്കേതിക മാർഗനിർദ്ദേശങ്ങൾ നൽകിയ പത്തനംതിട്ട ഠൗൺ കരയിലെ കുമാരമംഗലത്തുവീട്ടിൽ ശ്രീ. കെ. നന്ദകുമാരൻനായരോട് ഭരണസമിതിയുടെ നന്ദി അറിയിക്കുന്നു.

ഈ കൗൺസിൽ നിലവിൽ വന്ന ആദ്യ വർഷം, കുറേ വർഷങ്ങളായി നമ്മുടെ ക്ഷേത്രത്തിൽ സംഭവിച്ച ചൈതന്യലോപത്തിന് പരിഹാരം കാണുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകിയത്. കൂടാതെ വിജയ ദശമി, തിരുവുത്സവം, കുംഭഭരണി, പൊങ്കാല, മീന ഭരണി, മേടഭരണി, ഭാഗവത സപ്താഹയജ്ഞം, പരിഹാര ക്രിയ

കൾ, പറയ്ക്കെഴുന്നെള്ളത്ത് തുടങ്ങി മനുഷ്യശേഷി അധികമായി ആവശ്യമായി വരുന്ന ഈ പ്രവർത്തനങ്ങൾക്കായിരുന്നു. എങ്കിലും ഈ കൗൺസിലിന്റെ കാലാവധിക്കുള്ളിൽ ദീർഘകാലാടിസ്ഥാനത്തിൽ നിധിശേഖരണവും ചില നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങൾക്ക് നിർലോഭം പിൻതുണ നൽകിയ എല്ലാ ഭക്തർക്കും ദേവസ്വം കൗൺസിലിന്റെ നന്ദി അറിയിക്കുന്നു. ലഭ്യമായ മനുഷ്യശേഷിയും ധനവും കൊണ്ട് ടി പ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രമിച്ചിട്ടുണ്ട്. ആയത് വിലയിരുത്തേണ്ടത് ക്ഷേത്ര ഉന്നമനത്തിന് ആഗ്രഹിക്കുന്ന ഭക്തരാണ്. പരാശക്തിയുടെ പാദമലരുകളിൽ സമർപ്പിക്കപ്പെട്ട ഈ എളിയ പ്രവർത്തനത്തിന്റെ സംക്ഷിപ്ത വിവരണം നിങ്ങളുടെ അറിവിനും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

ഈ എളിയ പ്രവർത്തനങ്ങളിൽ പൂർണ്ണമായും സഹകരിച്ച ക്ഷേത്ര ജീവനക്കാർക്കും, ഭക്തജനങ്ങൾക്കും നന്ദി അറിയിക്കുന്നു.

വിശ്വസ്തതയോടെ,

പത്തനംതിട്ട, സെക്രട്ടറി,

24.09.2007. വലഞ്ചുഴി ദേവസ്വം.

അനുബന്ധം

1. *01.07.2006 മുതൽ 30.06.2007 വരെയുള്ള വരവ് - ചെലവ് കണക്ക്*
2. *വികസന പദ്ധതി വരവ്-ചെലവ് കണക്ക്*
3. *മുതൽ - കടം സ്റ്റേറ്റ്മെന്റ്*
4 *ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് റിപ്പോർട്ട്*
5. *ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട്*
6. *സപ്താഹ യജ്ഞം വരവ്-ചെലവ് കണക്ക്*
7. *കരകളിൽ നിന്ന് ലഭിച്ച വികസനനിധി വിവരം*

# വലഞ്ചുഴി ദേവസ്വം , മല്ലശ്ശേരി , പത്തനംതിട്ട
## 01.07.2006 മുതൽ 31.12.2006 വരെയുള്ള വരവ് ചെലവ് കണക്കുകൾ

| വരവ് | രൂപ | ചെലവ് | രൂപ |
|---|---|---|---|
| വഴിപാട് | 241074.00 | നിത്യനിദാനം | 86201.00 |
| സംഭാവന | 10134.00 | ടെലഫോൺ | 784.00 |
| നടവരവ് | 11395.50 | കൂലിചെലവ് | 15778.00 |
| കാണിക്ക | 37593.50 | പ്രിന്റിംഗ് & സ്റ്റേഷനറി | 16617.00 |
| കാർഷികാദായം | 2045.00 | കാർഷികാദായം | 1804.00 |
| അഡ്വാൻസ് | 16400.00 | അഡ്വാൻസ് | 12410.00 |
| ദേവപ്രശ്ന പരിഹാരം - | | ശമ്പളം | 65300.00 |
| (22 ഗ്രാം സ്വർണ്ണം) ഉൾപ്പെടെ | 53278.00 | പെൻഷൻ | 3000.00 |
| തീർത്ഥാടനം | 1250.00 | കറന്റ് ചാർജ്ജ് | 9186.00 |
| മംഗല്യനിധി | 1152.00 | പോസ്റ്റേജ് | 3045.00 |
| ദേവസ്വം .സി.ഡി. vol 1 | 735.00 | യാത്രാചെലവ് | 1165.00 |
| അംഗത്വഫീസ് | 154.00 | ആഫീസ് | 7382.75 |
| വികസനനിധി | 15000.00 | ഉപകരണം | 2159.75 |
| ബാങ്ക് പലിശ | 6095.00 | പലവക | 7250.00 |
| ആയില്ല്യം പൂജ | 12827.00 | പരസ്യം മകരഭരണി | 1250.00 |
| സപ്താഹം | 11569.00 | കാണിക്കവഞ്ചി - പ്രമാടം | 42002.00 |
| തറവാടക | 250.00 | വികസന നിധി | 221695.00 |
| | | ദേവപ്രശ്ന പരിഹാരം | 50446.00 |
| | | ബാങ്ക് ചാർജ്ജ് | 45.00 |
| | | വെബ്സൈറ്റ് | 6000.00 |
| | | മതപാഠശാല | 7133.00 |
| | | മംഗല്യനിധി | 300.00 |
| | | കോടതി ചെലവ് | 4029.00 |
| | | ടാക്സ് & രജിസ്ട്രേഷൻ | 950.00 |
| | | നിർമ്മാണ പ്രവർത്തനം | 6750.00 |
| | | പൊതുയോഗം | 10165.00 |
| | | വിദ്യാരംഭം | 4316.50 |
| | | ദക്ഷിണ | 7101.00 |
| | | ആയില്ല്യം പൂജ | 4982.00 |
| | | സപ്താഹം | 36018.00 |
| | | മകരഭരണി | 1000.00 |
| ആകെ | 420952.00 | ആകെ | 636265.00 |
| മുന്നിരിപ്പ് | 596.00 | നീക്കിയിരിപ്പ് | 18239.00 |
| മുന്നിരിപ്പ് ബാങ്ക് | 257182.56 | നീക്കിയിരിപ്പ് ബാങ്ക് | 24226.56 |
| **ആകെ** | **678730.56** | **ആകെ** | **678730.56** |

# വലഞ്ചുഴിദേവസ്വം , മല്ലശ്ശേരി , പത്തനംതിട്ട

## 1-1-2007 മുതൽ 30.06.02007 വരെയുള്ള വരവ് ചെലവ് കണക്കുകൾ

| വരവ് | രൂപ | ചെലവ് | രൂപ |
|---|---|---|---|
| വഴിപാട് | 306503.00 | നിത്യ നിദാനം | 96695.00 |
| സംഭാവന | 11441.00 | കൂലി ചെലവ് | 8824.00 |
| കാണിക്ക | 122709.00 | പ്രിന്റിംഗ് & സ്റ്റേഷനറി | 19555.00 |
| നടവരവ് | 11026.00 | പരസ്യം- മകരഭരണി | 27600.00 |
| തറവാടക | 13521.00 | കാർഷികാദായം | 275.00 |
| സ്റ്റിക്കർ | 4090.00 | പൊങ്കാല | 11676.00 |
| ബാങ്ക് പലിശ | 438.00 | വിഷു എഴുന്നെള്ളിപ്പ് | 10757.00 |
| കാർഷികാദായം | 3454.00 | പറക്കെഴുന്നെള്ളിപ്പ് | 43040.00. |
| പൊങ്കാല | 12172.00 | അഡ്വാൻസ് | 257294.00 |
| വിഷു എഴുന്നെള്ളിപ്പ് | 19276.75 | ദേവസ്വം . സി.ഡി. vol. 1 | 400.00 |
| പറയ്ക്കെഴുന്നെള്ളിപ്പ് | 179590.50 | ദേവസ്വം . സി.ഡി. vol. 2 | 179627.00 |
| അഡ്വാൻസ് | 260228.50 | വികസന നിധി | 82488.00 |
| പരസ്യം- മകരഭരണി | 28922.00 | ഭരണി സദ്യ | 9500.00 |
| ദേവസ്വം . സി.ഡി. vol. 1 | 4965.00 | ശമ്പളം | 61015.00 |
| ദേവസ്വം . സി.ഡി. vol. 2 | 37880.00 | പെൻഷൻ | 3000.00 |
| വികസനനിധി | 66931.00 | പോസ്റ്റേജ് | 2218.00 |
| ഭരണി സദ്യ | 9501.00 | ആഫീസ് | 2077.50 |
| ദേവപ്രശ്ന പരിഹാരം | 54861.00 | ടെലഫോൺ | 15250.00 |
| സപ്താഹം | 261323.00 | കറന്റ് ചാർജ് | 10796.00 |
| | | മകരഭരണി തിരുവുത്സവം | 88635.00 |
| | | കുംഭ ഭരണി ” | 5988.00 |
| | | മീന ഭരണി ” | 29990.00 |
| | | മേട ഭരണി ” | 3694.00 |
| | | ഉപകരണം | 590.00 |
| | | ദക്ഷിണ | 8450.00 |
| | | ദേവപ്രശ്ന പരിഹാരം | 111407.50 |
| | | സപ്താഹം | 205066.75 |
| | | മതപാഠശാല | 11458.00 |
| | | പലവക | 2500.00 |
| | | നിർമ്മാണ പ്രവർത്തനം | 2501.00 |
| | | കാണിക്ക വഞ്ചി കണ്ണങ്കര | 50.00 |
| | | ബാങ്ക് ചാർജ് | 80.00 |
| | | ടാക്സ് & രജിസ്ട്രേഷൻ | 2.00 |
| | | കോടതി ചെലവ് | 500.00 |
| ആകെ | 1408832.75 | ആകെ | 1312999.75 |
| മുന്നിരിപ്പ് | 18239.00 | നീക്കിയിരിപ്പ് | 5680.00 |
| മുന്നിരിപ്പ് ബാങ്ക് | 24226.56 | നീക്കിയിരിപ്പ് ബാങ്ക് | 132618.56 |
| **ആകെ** | **1451298.31** | **ആകെ** | **1451298.31** |

# വലഞ്ചുഴിദേവസ്വം , മല്ലശ്ശേരി , പത്തനംതിട്ട

## 08.11.2006 മുതൽ 31.12.2006 വരെയുള്ള വരവ് ചെലവ് കണക്കുകൾ

### സമഗ്രവികസന പദ്ധതി

| വരവ് | രൂപ | ചെലവ് | രൂപ |
|---|---|---|---|
| | | ജനറൽ ഫ ് | 15000.00 |
| ജനറൽ ഫ ് | 221695.00 | ശിവക്ഷേത്രം | 46783.00 |
| സംഭാവന | 54151.00 | ലാട്രിൻ/ടോയ്‌ലറ്റ് | 109625.00 |
| ബാങ്ക് പലിശ | 247.00 | ചുറ്റുമതിൽ | 6000.00 |
| | | പ്രിന്റിംഗ് | 13160.00 |
| | | പരസ്യം | 15730.00 |
| | | തിരുമുറ്റം | 41359.00 |
| | | ആർച്ച് | 5523.00 |
| | | ബാങ്ക് ചാർജ്ജ് | 140.00 |
| ആകെ | 276093.00 | ആകെ | 253320.00 |
| മുന്നിരിപ്പ് (ബാങ്ക്) | 15942.85 | നീക്കിയിരിപ്പ് | 649.00 |
| | | നീക്കിയിരിപ്പ് (ബാങ്ക്) | 38066.85 |
| ആകെ 292035.85 | | ആകെ | 292035.85 |

# വലഞ്ചുഴിദേവസ്വം , മല്ലശ്ശേരി , പത്തനംതിട്ട

## 1–1–2007 മുതൽ 30.06.02007 വരെയുള്ള വരവ് ചെലവ് കണക്കുകൾ

### സമഗ്രവികസന പദ്ധതി

| വരവ് | രൂപ | ചെലവ് | രൂപ |
|---|---|---|---|
| വികസന നിധി | 234201.00 | ജനറൽ ഫ് | 66931.00 |
| ജനറൽ ഫ് | 82487.50 | ശിവക്ഷേത്രം | 110813.50 |
| ബാങ്ക് പലിശ | 294.00 | ലാട്രിൻ/ടോയ്‌ലറ്റ് | 73852.00 |
| | | ചുറ്റുമതിൽ | 17685.00 |
| | | ആർച്ച് | 400.00 |
| | | പ്രിന്റിംഗ് | 1230.00 |
| | | ബാങ്ക് ചാർജ്ജ് | 426.00 |
| ആകെ | 316982.50 | ആകെ | 271337.50 |
| മുന്നിരിപ്പ് | 649.00 | നീക്കിയിരിപ്പ് | 1274.00 |
| മുന്നിയിരിപ്പ്(ബാങ്ക്) | 38066.85 | നീക്കിയിരിപ്പ് (ബാങ്ക് | 83086.85 |
| **ആകെ** | **355698.35** | **ആകെ** | **355698.35** |

## വലഞ്ചുഴിദേവസ്വം , മല്ലശ്ശേരി , പത്തനംതിട്ട
## 30.06.2007 ലെ മുതൽ കടം സ്റ്റേറ്റുമെന്റ്

| മുതൽ | രൂപ | കടം | രൂപ |
|---|---|---|---|
| വസ്തു , കെട്ടിടം | 2323950.00 | അഡ്വാൻസ് | 6964.50 |
| ജംഗമങ്ങൾ : | | | |
| പൂജാപാത്രങ്ങൾ , ഉപകരണങ്ങൽ തുടങ്ങിയവ | 188221.0 | | |
| സ്വർണ്ണം 1137 .740 ഗ്രാം | 993247.00 | | |
| വെള്ളി 85.040 ഗ്രാം | 1598.00 | | |
| ഓട് 702.300 കിലോ ഗ്രാം | 140460.003 | | |
| ബാങ്ക് നിക്ഷേപം | | | |
| S.B.I പത്തനംതിട്ട അക്കൗ | | | |
| 1033637239 | 132618.56 | | |
| 1033637237 | 83086.85 | | |
| കടം തിരികെ കിട്ടാനുള്ളത് | 90400.00 | | |
| സ്റ്റിക്കർ- 3540 nos | 35400.00 | | |
| സി.ഡി. vol no.1 (5 nos ) | 175.00 | | |
| സി.ഡി. vol no.2(853 nos) | 51180.00 | | |
| ആകെ | 4040336.41 | ആകെ | 6964.50 |
| നീക്കിയിരിപ്പ് | 5680.00 | കടം നീക്കി മുതൽ | 4039051.91 |
| **ആകെ** | **4046016.41** | **ആകെ** | **4046016.41** |

പത്തനംതിട്ട
06.10.2007

# ആഡിറ്റേഴ്സ് റിപ്പോർട്ട്

പത്തനംതിട്ട വലഞ്ചുഴി ദേവീക്ഷേത്രത്തിന്റെ 2006 ജൂലൈ മാസം 1-ാം തീയതി മുതൽ 2007 ജൂൺ 30-ാം തീയതി വരെയുള്ള വരവ് ചെലവ് കണക്കുകൾ ബന്ധപ്പെട്ട വൗച്ചറുകളും പുസ്തകങ്ങളുമായി ഒത്തുനോക്കി താഴെ കാണുന്ന നോട്ടിന് വിധേയമായി ശരിയാണെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു.

1. ദേവസ്വത്തിൽ നീക്കിയിരിപ്പുള്ള സ്വർണ്ണം, വെള്ളി, ഓട് തുടങ്ങിയവയുടെ വാലുവേഷൻ ദേവസ്വം അംഗീകരിച്ച് സർട്ടിഫൈചെയ്തിട്ടുള്ളതാണ്.
2. ദേവസ്വത്തിന്റെ അധീനതയിലുള്ള 1 ഹെക്ടർ 34.40 ആർ സ്ഥലവും അതിലുള്ള ആഫീസ് കെട്ടിടത്തിന്റെ വിലയും കൂടി 2323950.00 ഒരു അംഗീകൃത വാല്യുവർ സർട്ടിഫൈ ചെയ്തിട്ടുള്ളതാണ്.
3. നീക്കിയിരിപ്പ് ക്യാഷ് ദേവസ്വം സർട്ടിഫൈ ചെയ്തിട്ടുണ്ട്.
4. ബാങ്ക് ബാലൻസ് ബാങ്ക് സർട്ടിഫൈ ചെയ്തിട്ടുണ്ട്.

**പി. മോഹൻകുമാർ എഫ്.സി.ഐ.**

ചാർട്ടേഡ് അക്കൗണ്ടന്റ്

# ഇന്റേണൽ ആഡിറ്റ് റിപ്പോർട്ട്

വലഞ്ചുഴി ദേവീ ക്ഷേത്രത്തിലെ 01.07.2006 മുതൽ 30.06.2007 വരെയുള്ള ഒരു വർഷ കാലത്തെ വരവ്-ചെലവ് കണക്കുകൾ പരിശോധിച്ചു (സപ്താഹം, വികസനനിധി ഉൾപ്പെടെ). വരവിനങ്ങൾക്ക് രസീത് നൽകുകയും ചെലവിനങ്ങൾക്ക് വൗച്ചർ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

*പരിശോധനയിൽ കണ്ടെത്തിയ ചില ന്യൂനതകൾ*

1. ദേവസ്വം വഴിപാട് രസീത് ബുക്കുകൾ കൂട്ടിയതിൽ ചില ബുക്കുകളിൽ പിശക് സംഭവിച്ചിട്ടുണ്ട്.
2. ലെഡ്ജർ കുറച്ചുകൂടി ക്രമമായി സൂക്ഷിക്കണം.
3. ക്ഷേത്രത്തിലേക്ക് ആവശ്യമായ സാധനങ്ങൾ, ചന്ദനം മുതലായവ വാങ്ങുന്നതിനും, ക്ഷേത്രത്തിൽ എത്തിക്കുന്നതിനും ചെലവ് വളരെ കൂടുതലായി കാണുന്നു. ഇതിനു പരിഹാരം കാണുന്നതിന് ഭരണ സമിതി അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നത് നന്നായിരിക്കും.

(ഒപ്പ്)
**കെ. എം. ഗോപിനാഥൻ നായർ**
കീയോടിയിൽ
വെട്ടൂർ

(ഒപ്പ്)
**ശിവശങ്കരപിള്ള**
ശ്രീഭവനം
പത്തനംതിട്ട-മറൂർ

*സെക്രട്ടറിയുടെ മറുപടി*

1. ചില ബുക്കുകളിലെ തുക കൂട്ടിയതിൽ സംഭവിച്ച പിശക് വഴിപാട് വരവിനത്തിൽ 30.06.2007-ൽ ചേർത്തിട്ടുണ്ട്.
2. പേജുകളിലെ സ്ഥലപരിമിതി മൂലം സംഭവിച്ചതാണ്. മേലിൽ ശ്രദ്ധിക്കുന്നതാണ്.
3. നിത്യനിദാന ആവശ്യങ്ങൾക്കുള്ള സാധനങ്ങൾ പരമാവധി ഒരു മാസത്തേക്ക് ഉള്ളത് സംഭരിക്കാൻ സാധിക്കുമെങ്കിലും ചന്ദനം, കദളിപ്പഴം എന്നിവ ആഴ്ചതോറും വാങ്ങേണ്ടി വരുന്നതിനാലും നമ്മുടെ ക്ഷേത്രത്തിന്റെ സ്ഥല പ്രത്യേകത മൂലവും ചെലവ് അധികരിച്ചിട്ടുണ്ട്. മേലിൽ ഇത് കുറയ്ക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്.

സെക്രട്ടറി

അനുബന്ധം 6

# ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം വരവ്-ചെലവ് കണക്ക്

## (01.01.2007 - 08.01.2007)  (2006 ഡിസംബർ മുതൽ 2007 ജൂലൈ വരെ)

| വരവ് | | | | ചെലവ് | | | |
|---|---|---|---|---|---|---|---|
| നമ്പർ | ഇനം | രൂപ | സ. | നമ്പർ | ഇനം | രൂപ | സ. |
| 1 | സംഭാവന, വഴിപാട് | 2,05,382 | 00 | 1 | പന്തൽ, മൈക്ക് മുതലായവ | 49,775 | 00 |
| 2 | പരസ്യം | 13,000 | 00 | 2 | അന്നദാനം | 1,20,098 | 20 |
| 3 | സ്റ്റാൾ | 18,500 | 00 | 3 | ദക്ഷിണ | 14,104 | 00 |
| 4 | സാധനങ്ങൾ വിറ്റത് | 36,010 | 00 | 4 | പൂജ | 10,900 | 00 |
| | | | | 5 | പരസ്യം | 33,220 | 50 |
| | | | | 6 | പരിപാടികൾ (ഭജന, സംഗീതസദസ്സ് etc.) | 9,456 | 00 |
| | | | | 7 | മറ്റിനങ്ങൾ | 3,532 | 00 |
| | **ആകെ** | **2,72,892** | **00** | | **ആകെ** | **2,41,084** | **70** |

***ബാലൻസ് : 31,806.30 രൂപ***

## അന്നദാനത്തിന് വഴിപാടായി ലഭിച്ച സാധനങ്ങൾ

| ഇനം | സംഭാവന ലഭിച്ചത് | ഇനം | സംഭാവന ലഭിച്ചത് |
|---|---|---|---|
| അരി | 3620 കി.ഗ്രാം | പച്ചക്കറി | 4,800/- രൂപ |
| പഞ്ചസാര | 373 കി. ഗ്രാം | ചേമ്പ് | 28 കി. ഗ്രാം |
| നാളികേരം | 1179 എണ്ണം | കാച്ചിൽ | 237 എണ്ണം |
| വെളിച്ചെണ്ണ | 101 കി. ഗ്രാം | ചേന | 164 എണ്ണം |
| ശർക്കര | 40 കി. ഗ്രാം | പുളി | 10 കി. ഗ്രാം |
| സ്പ്രിംഗിൾ | 6 പാക്കറ്റ് | ഏത്തയ്ക്ക | 15 കുല |
| പർപ്പിടകം | 2130 എണ്ണം | | |

NB: രസീത്പ്രകാരം ലഭിച്ചവ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്

# വികസന നിധി

| കരകളിൽ നിന്നും വികസനനിധി ഇനത്തിൽ ലഭിച്ചതിന്റെ സ്റ്റേറ്റ്മെന്റ് (01.11.2006 – 30.06.2007) | | |
|---|---|---|
| 1. | പത്തനംതിട്ട-വലഞ്ചുഴി | 1,26,003.00 രൂപ |
| 2. | പ്രമാടം-വലഞ്ചുഴി | 51,754.00 ” |
| 3. | വെട്ടൂർ | 24,000.00 ” |
| 4. | കുമ്പഴ | 20,272.00 ” |
| 5. | പ്രമാടം-മറൂർ | 17,501.00 ” |
| 6. | പത്തനംതിട്ട ൗൺ | 6,610.00 ” |
| 7. | പാലമറൂർ | 3,950.00 ” |
| 8. | പത്തനംതിട്ട-മറൂർ | 1,600.00 ” |
| 9. | ദേവസ്വം കൗണ്ടർ | 36,662.00 ” |
| | ആകെ | ***2,88,352.00 രൂപ*** |